# കേരള സർവകലാശാല

നം.പി.ആർ.15/2020 ഫോൺ: 2305738

## പത്രക്കുറിപ്പ്

### ഇന്റേണൽ മാർക്ക് മെച്ചപ്പെടുത്താം

ബി.ടെക് ഡിഗ്രി കോഴ്സ് (2013 സ്കീം, 2014 അഡ്മിഷൻ) അഞ്ച് വർഷം പൂർത്തിയാക്കിയ പരാജയപ്പെട്ട വിദ്യാർത്ഥികൾക്ക് (40 മാർക്ക് യൂണിവേഴ്സിറ്റി പരീക്ഷയിൽ ലഭിക്കാത്തവർ) ഈവൻ/ഓഡ് (Even/Odd) സെമസ്റ്ററുകളുടെ ഇന്റേണൽ മാർക്ക് മെച്ചപ്പെടുത്താൻ അപേക്ഷ നൽകുന്നതിനുള്ള അവസാന തീയതി 2020 ഫെബ്രുവരി 15. 2013 സ്കീം പാർട്ട് ടൈം വിദ്യാർത്ഥികൾക്കും അപേക്ഷിക്കാം. അപേക്ഷയോടൊപ്പം 735/- രൂപ ഫീസ് ഓരോ സെമസ്റ്ററിനും അടയ്ക്കേണ്ടതാണ്. അപേക്ഷയുടെ പകർപ്പും വിശദവിവരങ്ങളും വെബ്സൈറ്റിൽ ലഭ്യമാണ്. നിശ്ചിത തീയതിക്ക് ശേഷം ലഭിക്കുന്ന അപേക്ഷകൾ നിരസിക്കുന്നതാണ്.

### പരീക്ഷാഫലം

കാര്യവട്ടം സൈക്കോളജി വിഭാഗം നടത്തിയ പി.ജി ഡിപ്ലോമ ഇൻ കൗൺസിലിംഗ് (ജറിയാട്രിക്) പരീക്ഷാഫലം (ആഗസ്റ്റ് 2019) പ്രസിദ്ധീകരിച്ചു. വിശദവിവരങ്ങൾ വെബ്സൈറ്റിൽ. 2020 ഫെബ്രുവരി 23 മുതൽ സൈക്കോളജി വിഭാഗം കാര്യവട്ടത്തു നിന്നും മാർക്ക്ലിസ്റ്റുകൾ കൈപ്പറ്റാവുന്നതാണ്.

ഐ.യു.സി.ജി.ജി.റ്റി, ഡിപ്പാർട്ട്മെന്റ് ഓഫ് ബയോടെക്നോളജിയിൽ, 2019 സെപ്റ്റംബറിൽ നടത്തിയ പി.ജി ഡിപ്ലോമ പ്രോഗ്രാം ഇൻ മോളിക്യുലാർ ഡയഗ്നസ്റ്റിക്സ് 2018 – 2019 ബാച്ച്, 2019 നവംബറിൽ നടത്തിയ എം.ഫിൽ അഡ്വാൻസ്ഡ് ബോട്ടണി 2018–2019 ബാച്ച്, 2019 ജൂണിൽ നടത്തിയ എം.ടെക് ടെക്നോളജി മാനേജ്മെന്റ് (ഫ്യൂച്ചേഴ്സ് സ്റ്റഡീസ്) 2017–2019 ബാച്ച് (സി.എസ്.എസ്) എന്നീ പരീക്ഷാഫലങ്ങൾ പ്രസിദ്ധീകരിച്ചു.

### പരീക്ഷാഫീസ്

ഫെബ്രുവരി 25 ന് ആരംഭിക്കുന്ന ഒന്നാം സെമസ്റ്റർ ഇന്റഗ്രേറ്റഡ് (പഞ്ചവത്സരം) ബി.എ.എൽ.എൽ.ബി/ബി.കോം.എൽ.എൽ.ബി/ബി.ബി.എ.എൽ.എൽ.ബി പരീക്ഷകൾക്ക് പിഴ കൂടാതെ 2020 ജനുവരി 27 വരെയും 150 രൂപ പിഴയോടെ ജനുവരി 30 വരെയും 400 രൂപ പിഴയോടെ ഫെബ്രുവരി 1 വരെയും ഫീസടച്ച് രജിസ്റ്റർ ചെയ്യാം. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

2020 ഫെബ്രുവരി 5 ന് ആരംഭിക്കുന്ന ഒന്നാം സെമസ്റ്റർ ത്രിവൽസര എൽ.എൽ.ബി പരീക്ഷകൾക്ക് 2012 അഡ്മിഷൻ (മേഴ്സിചാൻസ്) വിദ്യാർത്ഥികൾക്ക് പിഴകൂടാതെ 2020 ജനുവരി 25 വരെയും 150 രൂപ പിഴയോടെ ജനുവരി 28 വരെയും 400 രൂപ പിഴയോടെ ജനുവരി 30 വരെയും പരീക്ഷാഫീസ് ഒടുക്കി അപേക്ഷകൾ ഓഫ്ലൈനായി സമർപ്പിക്കാവുന്നതാണ്.

## പിഎച്.ഡി നൽകി

ലക്ഷ്മി വി.എസ് (ബയോകെമിസ്ട്രി), ആശ ലക്ഷ്മി (ബയോടെക്നോളജി), സ്റ്റെഫിൻ എസ്, പ്രിൻസി പി.എസ്, കൃഷ്ണ ആർ നായർ, പൊന്നി റ്റി.ജി, രാകേഷ് കെ.വി (ബോട്ടണി), അനൂപ് എസ് (ജിയോളജി), ഷംന എസ്, അശ്വതി എസ് (ഹിന്ദി), നിഷ മാത്യു (ഇംഗ്ലീഷ്), ശിവകുമാർ ആർ, ബീന കൃഷ്ണൻ എസ്.കെ (മലയാളം), വിനീത് ചന്ദ്ര കെ.എസ് (കൊമേഴ്സ്), സോജ എസ്.വി (തമിഴ്) എന്നിവർക്ക് പിഎച്.ഡി നൽകാൻ ഇന്ന് ചേർന്ന സിൻഡിക്കേറ്റ് യോഗം തീരുമാനിച്ചു.

## ഇന്റർവ്യൂ മാറ്റി

യു.ഐ.റ്റികളിൽ കരാറടിസ്ഥാനത്തിൽ കമ്പ്യൂട്ടർ ലാബ് ഇൻസ്ട്രക്ടർമാരെ തെരഞ്ഞെടുക്കുന്ന തിലേക്കായി 2020 ജനുവരി 6 ന് നടത്തുന്നതിന് നിശ്ചയിച്ചിരുന്ന ഇന്റർവ്യൂ ജനുവരി 23 ന് ഉച്ചയ്ക്ക് 2 മണി മുതൽ നടത്തുന്നതാണ്. അഭിമുഖത്തിന് ഹാജരാകുന്നവർ മെമ്മോയും ബന്ധപ്പെട്ട സർട്ടിഫി ക്കറ്റുകളുടെ ഒറിജിനലുകളുമായി 11 മണിക്ക് റിപ്പോർട്ട് ചെയ്യേണ്ടതാണ്.

## ത്രിദിന അന്തർദേശീയ സെമിനാർ

സർവകലാശാല കൊമേഴ്സ് ഡിപ്പാർട്ട്മെന്റ് ജനുവരി 20 മുതൽ 22 വരെ "വ്യാപാര മാതൃകകൾ – സർക്കാർ കടങ്ങളും വാണിജ്യ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനുള്ള സാമ്പത്തിക സ്രോത സ്സുകളും" എന്ന വിഷയത്തെ ആസ്പദമാക്കി നടക്കുന്ന ത്രിദിന അന്തർദേശീയ സെമിനാറിന്റെ ഉത്ഘാടനം പ്രൊഫസർ ഗുൽഹേം ഫാബ്രെ (യൂണിവേഴ്സിറ്റി പോൾ വലേറി, ഫ്രാൻസ്) യുടെ അദ്ധ്യക്ഷതിയിൽ സെനറ്റ് ചേംബറിൽ വെച്ച് കേരള സർവകലാശാല വൈസ് ചാൻസലർ ഡോ. വി.പി മഹാദേവൻ പിള്ള നിർവഹിച്ചു. ഡോ.കെ.ജെ ജോസഫ്, ഡയറക്ടർ, ഗുലാത്തി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിനാൻസ് ആന്റ് ടാക്സേഷൻ മുഖ്യ പ്രഭാഷണം നടത്തി സർവകലാശാല സിൻഡിക്കേറ്റ് അംഗം ഡോ.ഗോപ്ചന്ദ്രൻ കെ.ജി ആശംസാ പ്രസംഗം നടത്തി. കൊമേഴ്സ് ഡിപ്പാർട്ട്മെന്റ് മേധാവി ഡോ.ജി.രാജു, ഡീൻ ഡോ.റസിയ ബീഗം, ഐ.ക്യു.എ.സി ഡയറക്ടർ ഡോ.ഗബ്രിയേൽ സൈമൺ തട്ടിൽ, സ്കൂൾ ഓഫ് ബിസിനസ് മാനേജ്മെന്റ് ആന്റ് ലീഗൽ സ്റ്റഡീസ് ഡയറക്ടർ ഡോ.സി ഗണേ ഷ്, പ്രൊഫസർ കാതറിൻ സി.എസ്, ഡോ.എസ്.കെവിൻ എന്നിവർ സന്നിഹിതരായിരുന്നു. മൂന്ന് ദിവസങ്ങളിലായി നടത്തപ്പെടുന്ന സെമിനാറിൽ ഇന്ത്യയിൽ നിന്നും വിദേശത്തു നിന്നുമായി 120 ൽപ്പരം പ്രതിനിധികൾ പങ്കെടുക്കും.

പബ്ലിക് റിലേഷൻസ് ഓഫീസർ

തിരുവനന്തപുരം.
21.01.2020

e-mail: ku.release@gmail.com website: www.keralauniversity.ac.in
University information is available on 0471-2305994, 155300 (BSNL Land line), 0471-155300 (from mobile) 0471-2115054 and 0471-2115098